# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 1938 — 19-06-2012-ൽ മറുപടിക്ക്

## നാദാപുരം മണ്ഡലത്തിൽ വൈദ്യുതി അപകടങ്ങളിൽപ്പെട്ട് മരിച്ചവർക്കുള്ള ആനുകൂല്യങ്ങൾ.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ബാലൻ. | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |

| | | | |
|---|---|---|---|
| (എ) | നാദാപുരം മണ്ഡലത്തിൽ കഴിഞ്ഞ പത്ത് വർഷത്തിനു ള്ളിൽ വൈദ്യുതി അപകടങ്ങളിൽപ്പെട്ട് മരിച്ച ബോർഡ് ജീവനക്കാർ, കരാർ തൊഴിലാളികൾ, പൊതുജനങ്ങൾ എന്നിവരുടെ ആശ്രിതർക്ക് ഇതുവരെ എന്തൊക്കെ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട് എന്നും, ഇല്ലെങ്കിൽ അതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും വ്യക്തമാക്കുമോ; | (എ) & (ബി) | കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ നാദാപുരം മണ്ഡലത്തിന്റെ പരിധിയിൽ ബോർഡ് ജീവനക്കാരോ കരാർ തൊഴിലാളികളോ വൈദ്യുതി അപകടങ്ങളിൽപ്പെട്ട മരണം സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല. അഞ്ച് പൊതുജനങ്ങൾ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടിട്ടുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇവരിൽ നാലുപേർക്ക് ഉപഭോക്താവിന്റെ ഉപകരണങ്ങളിൽ നിന്നുമുള്ള വൈദ്യുതാഘാതത്താൽ മരണം സംഭവിച്ചിട്ടുള്ളതിനാൽ ബോർഡിൽ നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരമുള്ള ആശ്വാസ ധനസഹായത്തിന് അനന്തരവകാശികൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല.<br><br>എന്നാൽ ബോർഡിന്റെ പൊട്ടിവീണ വൈദ്യുതകമ്പിയിൽ നിന്നും വൈദ്യുതാഘാതമേറ്റ് മരണപ്പെട്ട മുഹമ്മദ് ഷംസീൻ എന്ന കുട്ടിയുടെ അനന്തരവകാശികൾക്ക് |
| (ബി) | ആനുകൂല്യം അടിയന്തിരമായി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | | |

| | | | |
|---|---|---|---|
| | | | വൈദ്യുതിസുരക്ഷാപദ്ധതി പ്രകാരം ലഭിക്കേണ്ടുന്നതായ 1 ലക്ഷം രൂപയുടെ ആശ്വാസ ധനസഹായത്തിൽ നിന്നും മുൻകൂറായി **95,000/രൂപ** നല്കിയിട്ടുണ്ട് . ബാക്കി തുകയായ **5,000/രൂപ** ആശ്വാസ ധനസഹായത്തിന് അർഹത പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് അനുവദിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ.**